# ഇമാം അബൂശാമ(റ)

മറ്റൊരു ശാഫിഈ പണ്ഡിതനാണ് ഇമാം അബൂശാമ(റ). ഇസ്മാഈൽ മകൻ അബ്ദുർറഹ്മാൻ. ദിമശ്ഖിൽ ഹി: 599-ൽ ജനനം. ഇടഭാഗത്തെ പുരികത്തിന്റെ മുകളിൽ കറുത്ത പാടുള്ളതു കൊണ്ടാണ് അബൂശാമ എന്ന പേർ വന്നത്. പതിനാറു വയസ്സുള്ളപ്പോൾ ഇമാം സഖാവിയിൽ നിന്ന് ഖിറാഅത്ത് വിജ്ഞാനം സുദൃഢമാക്കിപ്പഠിച്ചു. തൽവിഷയത്തിൽ ഇമാം അതികായനാണ്. ഈ വിഷയത്തിലെ പ്രസിദ്ധ ഗ്രന്ഥമായ ശാത്വബിയ്യത്തിന് അദ്ദേഹം വിശദീകരണമെഴുതിയിട്ടുണ്ട്. പല വിഷയങ്ങളിലും നിപുണനാണദ്ദേഹം. ശൈഖ് മുവഫ്ഫഖ് അഹ്മദുൽ അത്താർ, ദാവൂദ്, ഇബ്നുഅബ്ദിസ്സലാം തുടങ്ങിയവർ പ്രധാന ഗുരുവര്യരാണ്. ഹദീസ് വിജ്ഞാനത്തിൽ ഹാഫിളാണെന്നും ചിലർ പറഞ്ഞിട്ടുണ്ട്.

ചരിത്രപാഠവും ഉള്ളവരാണ്. ഈ വിഷയത്തിലെ അതുല്യൻ ഇബ്നുഅസാകിറിന്റെ കിതാബ് വലിയ 15 വാള്യത്തിൽ ചുരുക്കിയെഴുതിയ ആളാണ്. മറ്റൊന്ന് 5 വാള്യമായും ഉണ്ട്. ശാഫിഈ ഫിഖ്ഹ് സമ്പുഷ്ടമാക്കാൻ അദ്ധ്വാനിച്ചവരാണ്. ഭാഷാപരമായ ജ്ഞാനവും പദ്യനിയമവും നല്ലപോലെയുള്ള അദ്ദേഹം സമഖ്ശരിയുടെ മുഫസ്സൽ പദ്യമാക്കിയിട്ടുണ്ട്. വേറെയും ചില ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. നൂതനാചാരങ്ങളെ ഖണ്ഡിച്ചുകൊണ്ടുള്ളതാണ് 'അൽ ബാഇസ് അലാ ഇൻകാരിൽ ബിദഅ്.' ഇസ്റാഇന്റെ സംഭവം വിവരിച്ചെഴുതിയതാണ് 'നൂറുൽ മസ്റാ' എന്നത്. ഊഉസ്സാരി, ഹദീസിലെ ബൈഹഖിയുടെ വ്യാഖ്യാനം എന്നിവ ചിലതാണ്. യുവത്വകാലത്തു തന്നെ നര ബാധിച്ചുപോയിരുന്നു ഇമാമിന്. അശ്റഫിയ്യ: സ്ഥാപനത്തിൽ ഖിറാഅത്തിന്റെയും ഹദീസിന്റെയും ശൈഖായി അദ്ദേഹം നിയമിക്കപ്പെട്ടു. ദർസും ഫത്‌വയുമായി അദ്ദേഹം കഴിഞ്ഞുകൂടി. അദ്ദേഹത്തിന്റെ ഗ്രന്ഥശേഖരങ്ങൾ മുഴുക്കെ 'ആദിലിയ്യ' എന്നുപേരുള്ള ഗ്രന്ഥാലയത്തിൽ വഖ്ഫ് ചെയ്തിരുന്നു. അവിടെ ഒരിക്കൽ തീപിടുത്തമുണ്ടായപ്പോൾ മുഴുവനും കത്തിനശിച്ചുപോയി. അർശിന്റെ തണലേകുന്ന ഏഴു വിഭാഗത്തെ അദ്ദേഹത്തിന്റെ ഈരടിയിൽ ഇങ്ങനെ:

وقال النبيّ المصطفي ان سبعة *
يظلّهم الله العظيم بظلّه
محبّ عفيف ناشئ متصدّق *
وباك مصلّي والإمام بعدله

ഒരിക്കൽ രണ്ടുപേർ ഫത്‌വ ചോദിക്കാനെന്നോണം അദ്ദേഹത്തിന്റെ അരികിൽ വന്നു. പെടുന്നനെ മഹാനരെ അവർ വല്ലാതെ അടിച്ചു പരിക്കേൽപിച്ചു. അതിനെത്തുടർന്നാണു മരണപ്പെടുന്നത്. അവരെ ഒന്നും ചെയ്യരുതെന്നും എല്ലാം അള്ളാഹുവിൽ അർപ്പിക്കുന്നുവെന്നും അദ്ദേഹം പാടിയിട്ടുണ്ട്. ഹി: 635 റമളാനിൽ വഫാത്തായി. ഇരുവരുടെയും ഹഖ്വു കൊണ്ട് അല്ലാഹു നമ്മെ ഇരുലോകത്തും രക്ഷിക്കട്ടെ.

*


പുറത്തിറങ്ങി

മൗലാനാ നജീബ് മൗലവിയുടെ
ഏറ്റവും പുതിയ **നേർക്കുനേർ** വി. സി.ഡി

**ഖുത്വ്ബിയ്യത്തും റാത്തീബും**

₹90/-
പോസ്റ്റേജ് പുറമെ

വിലാസം
ദാറുസ്സുന്ന ഇസ്ലാമിക കേന്ദ്രം,
പാപ്പിനിപ്പാറ - മഞ്ചേരി, മലപ്പുറം - 676122
Ph: 04931 2769031, 9744409380